**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 667** **05-10-2021 - ൽ മറുപടിയ്ക്ക്**

**ഇരിമ്പിളിയത്ത് വൈദ്യുതി സെക്ഷൻ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ഇരിമ്പിളിയം കേന്ദ്രീകരിച്ച് വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന വിഷയത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം കേന്ദ്രമാക്കി ഒരു KSEBL സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിവേദനം ലഭിക്കുകയും അതിന്മേൽ പരിശോധന നടത്തുകയും ചെയ്തിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതു വഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. |
| (ബി) | എടയൂർ കെ.എസ്.ഇ.ബി. ഓഫീസിൽ എത്തിച്ചേരാനുള്ള പ്രായോഗിക ബുദ്ധിമുട്ട് പരിഗണിച്ച് ഇരിമ്പിളിയം കേന്ദ്രമാക്കി ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | മലപ്പുറം ജില്ലയിലെ കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം കേന്ദ്രമാക്കി ഒരു KSEBL സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിവേദനം ലഭിക്കുകയും അതിന്മേൽ പരിശോധന നടത്തുകയും ചെയ്തിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതു വഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ